## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: T3174 18/06/2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

# കശുവണ്ടി തൊഴിലാളികൾക്ക് ആശ്വാസ ധനസഹായമായി അനുവദിച്ച തുക

ചോദ്യം
**ശ്രീ.കെ. എസ്. ശബരീനാഥൻ**

മറുപടി
**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | അടഞ്ഞ് കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ആശ്വാസ ധനസഹായം നൽകുന്നതിനായി ഇക്കഴിഞ്ഞ ലോക് സഭ തെരഞ്ഞെടുപ്പിന് മുമ്പ് സംസ്ഥാന കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധിയിലേയ്ക്ക് തുക അനുവദിച്ചിരുന്നോ; | (എ) | വിഷുവിനോടനുബന്ധിച്ച് സമാശ്വാസ ധനസഹായം അനുവദിച്ചിരുന്നു. |
| (ബി) | എത്ര കോടി രൂപയാണ് ഇപ്രകാരം അനുവദിച്ചതെന്നും ഓരോ തൊഴിലാളിക്കും എത്ര തുക വീതമാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (ബി) | 6,94,56,000/- രൂപ (ആറ് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി അൻപത്തി ആറായിരം രൂപ മാത്രം) ക്ഷേമനിധി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ഒരു തൊഴിലാളിക്ക് 2000/- രൂപയാണ് നൽകിയത്. |
| (സി) | വ്യാജരേഖ ചമച്ച് ഈ തുക അപഹരിച്ചവർക്കെതിരെ | (സി) | ഇക്കാര്യത്തിൽ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ പരാതി |

| | | | |
|---|---|---|---|
| | ബോർഡ് പരാതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | | നൽകുകയുണ്ടായി. ആയതു പ്രകാരം പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരികയാണ്. |
| (ഡി) | തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് മുഖേന നേരിട്ട് പണം നൽകാതെ വിവിധ കേന്ദ്രങ്ങളിലേയ്ക്ക് ഉദ്യോഗസ്ഥർ മുഖേന പണം വിതരണം ചെയ്തതുകൊണ്ടല്ലേ ഇത്തരത്തിലുള്ള ക്രമക്കേടിന് സാഹചര്യമുണ്ടായതെന്ന് വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും | പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ ഏകദേശം പകുതിയിലധികം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ സമാഹരിക്കുന്ന നടപടി പൂർത്തീകരിക്കാത്ത സാഹചര്യത്തിലാണ് ആശ്വാസ ധനസഹായം നേരിട്ട് വിതരണം നടത്തേണ്ടി വന്നത്. ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് പണം എത്തിക്കുന്ന നടപടി സ്വീകരിച്ചാൽ അർഹതയുള്ള പലർക്കും ഈ സഹായം ലഭ്യമല്ലാതാകും എന്നുള്ളതിനാലാണ് നേരിട്ട് നൽകുവാൻ തീരുമാനമുണ്ടായത്. |
| (ഇ) | ബാങ്ക് അക്കൗണ്ട് മുഖേന പണം നൽകേണ്ട എന്ന തീരുമാനം ബോർഡ് കൈക്കൊള്ളുവാനിടയായ സാഹചര്യം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ